പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4774 | 28.06.2013 ൽ മറുപടിയ്ക്ക് |
| പോഷകാഹാരം വിതരണം | |
| ചോദ്യം | ഉത്തരം |
| ശ്രീ.പി.തിലോത്തമൻ<br>ശ്രീമതി . ഇ.എസ്.ബിജിമോൾ<br>ശ്രീമതി. ഗീത ഗോപി<br>ശ്രീ.വി.എസ്.സുനിൽ കുമാർ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഗർഭിണികൾക്കും അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികൾക്കും പോഷകാഹാരം ലഭിക്കുന്നുണ്ടെന്നുറപ്പുവരുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ; | (എ)സംസ്ഥാനത്ത് 6 മാസത്തിനും 6 വയസ്സിനുമിടയിൽ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് പോഷകാഹാരം ലഭിക്കുന്നുണ്ടെന്നുറപ്പു വരുത്തുന്നതിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശു വികസന പദ്ധതി |
| (ബി) കഴിഞ്ഞ രണ്ടു വർഷക്കാലത്തിനിടയിൽ പോഷകാഹാരക്കുറവു മൂലം എത്ര ശിശു മരണങ്ങളുണ്ടായി; എത്ര ഗർഭിണികൾ മരണമടഞ്ഞു; | (ബി) പോഷകാഹാരക്കുറവു കൊണ്ടു മാത്രം ശിശുമരണങ്ങൾ സംഭവിച്ചതായി റിപ്പോർട്ടില്ല. 2011-12 സാമ്പത്തിക വർഷത്തിൽ 4 കുട്ടികളും, 2012-13 സാമ്പത്തിക വർഷത്തിൽ 20 കുട്ടികളും 2013 ജനുവരി മുതൽ മേയ് വരെ 20 നവജാത ശിശുക്കളും മരണമടഞ്ഞതായിട്ടാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. ന്യൂനപോഷണം നവജാത ശിശുമരണത്തിന്റെ കാരണങ്ങളിൽ ഒരു ഘടകമാണ്. പോഷകാഹാര കുറവു മൂലം ഗർഭിണികൾ മരണമടഞ്ഞിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (സി) പോഷകാഹാരങ്ങളുടെ കുറവു മൂലം ഗർഭാവസ്ഥയിൽ തന്നെ കുഞ്ഞുങ്ങൾ മരണമടഞ്ഞ എത്ര കേസ്സുകൾ ഈ കാലയളവിലുണ്ടായിട്ടുണ്ട്; വെളിപ്പെടുത്താമോ? | (സി ഗർഭാവസ്ഥയിൽ തന്നെ പോഷകാഹാരക്കുറവു മൂലം മരണമടഞ്ഞിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

R. Vijayan

സെക്ഷൻ ഓഫീസർ